**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6533** **11-07-2024 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ വാഴപ്പിള്ളിയിൽ നിന്ന് ആരംഭിച്ച് നെല്ലാട്, വലമ്പൂർ, പട്ടിമറ്റം, കിഴക്കമ്പലം, പള്ളിക്കര വഴി കാക്കനാട് പോകുന്നതിനുള്ള നാലുവരിപ്പാത നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്താൽ കെ.ആർ. എഫ്.ബി. - പി.എം.യു മുഖേന നവീകരണം വിഭാവനം ചെയ്ത മൂവാറ്റുപുഴ - കാക്കനാട് റോഡ് പ്രവൃത്തിക്ക് 40 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മൂവാറ്റുപുഴ, കുന്നത്തുനാട് നിയോജക മണ്ഡലങ്ങളിലുൾപ്പെട്ട 19.22 km നീളമുള്ള പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം അലൈൻമെന്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. 26.12.2023 തീയതിയിൽ ഡിസൈൻ വിഭാഗം DPR സമർപ്പിച്ചിരുന്നു ആയതു 17.01.2024 ൽ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നുള്ള സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പാതയുടെ നിർമ്മാണം ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കിഫ്ബി ധനസഹായത്താൽ കെ.ആർ. എഫ്.ബി. - പി.എം.യു മുഖേന നവീകരണം വിഭാവനം ചെയ്ത മൂവാറ്റുപുഴ - കാക്കനാട് റോഡ് പ്രവൃത്തിക്ക് 40 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മൂവാറ്റുപുഴ, കുന്നത്തുനാട് നിയോജക മണ്ഡലങ്ങളിലുൾപ്പെട്ട 19.22 km നീളമുള്ള പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം അലൈൻമെന്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. 26.12.2023 തീയതിയിൽ ഡിസൈൻ വിഭാഗം DPR സമർപ്പിച്ചിരുന്നു ആയതു 17.01.2024 ൽ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നുള്ള സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ